# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 128** | **26.09.2016-ൽ മറുപടിക്ക്**

## കൊക്കക്കോള കമ്പനിക്കെതിരെയുള്ള കേസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുൾ ഹമീദ് പി.** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ആദിവാസി കേന്ദ്രത്തിൽ ജലചൂഷണം നടത്തിയതിനെതിരെ കൊക്കക്കോള കമ്പനിയെ പ്രതിയാക്കി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എ) പാലക്കാട് ജില്ലയിൽ മീനാക്ഷിപുരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പ്ലാച്ചിമട കൊക്കക്കോള കമ്പനിക്കെതിരെ ആദിവാസി കോളനിയിലെ ജല ചൂഷണത്തിനും ഉൽപ്പാദന മാലിന്യം നിക്ഷേപിച്ച് കോളനിയിലെ കിണർ മലിനമാക്കിയതിനും ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച തങ്കവേലു, കന്നിമാരി എന്നിവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ മീനാക്ഷിപുരം പോലീസ് സ്റ്റേഷൻ Cr. 308/16 u/s. 3(1) (X) of SC/ST PoA Act ആയി 09.06.2016 തീയതി കൊക്കക്കോള കമ്പനിയിലെ മാനേജർ, റീജിയണൽ മാനേജർ, മാനേജിംഗ് ഡയറക്ടർ എന്നിവരെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പാലക്കാട് ഡി.വൈ.എസ്.പി. അന്വേഷിച്ചു വരുന്നതുമാണ്. |
| (ബി) എങ്കിൽ കേസിൽ ആരെയൊക്കെ പ്രതിപ്പട്ടികയിൽ ചേർത്തിട്ടുണ്ട്; | (ബി) പ്രസ്തുത കേസിൽ പ്രതികളായവരുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. Head of Plachimada Hindustan Coco-Cola Plant.<br>2. Head of Kerala Region of Coco-Cola Plant at Kochi.<br>3. Head of All India Hindustan Coco-Cola Plant at Noida, Delhi. |

| | |
|---|---|
| (സി) കേസിന്റെ തുടർനടപടികൾ സംബന്ധിച്ച വിശദവിവരം നൽകുമോ? | (സി) ഈ കേസ് സംബന്ധിച്ച് പാലക്കാട് ഡി.വൈ.എസ്.പി. അന്വേഷണം നടത്തി വരവെ ഈ വിഷയത്തെ പറ്റി പാലക്കാട് പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ നിയമോപദേശം തേടിയിട്ടുള്ളതും ആയതിൽ കൊക്കക്കോള കമ്പനി പരാതിക്കാരന്റെയും മറ്റും ജലസ്രോതസ്സുകളും നീരുറവകളും മലിനമാക്കി എന്ന കാര്യം, ഒരു പ്രത്യേക വിഭാഗത്തിനെ ദോഷം ചെയ്യണമെന്ന ഉദ്ദേശ്യം അപര്യാപ്തമാണെന്നും അന്യായക്കാരന് നഷ്ടപരിഹാരത്തിനായി സിവിൽപരമായി പരിഹാരം തേടാവുന്നതാണെന്ന നിയമോപദേശം ലഭിച്ചിട്ടുണ്ട്. ഈ കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിവരങ്ങൾ വെളിവാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ